# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ

## ചെറുതുരുത്തി



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26







# ജി എച്ച് എസ് എസ് ചെറുതുരുത്തി

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-26

## ഉള്ളടക്കം


→ ആമുഖം

→ പൊതു ലക്ഷ്യങ്ങൾ

→ വിദ്യാലയം മികവിന്റെ കേന്ദ്രം

→ നിലവിലെ അവസ്ഥാവിശകലനം

→ മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

→ പ്രതീക്ഷിത നേട്ടങ്ങൾ

→ മോണിറ്ററിംങ്

→ ഉപസംഹാരം

## ഘടന

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ജിഎച്ച്എസ്എസ് ചെറുതുരുത്തി |
| വിലാസം | ചെറുതുരുത്തി 679531 |
| സ്കൂൾ വിദ്യാഭ്യാസ രീതി | യുപി ഹൈസ്കൂൾ |
| സ്കൂൾ മെയിൽ | ghsscty@yahoo.com |
| വിദ്യാഭ്യാസ ഉപജില്ല | വടക്കാഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | ചാവക്കാട് |
| റവന്യൂ ജില്ല | തൃശ്ശൂർ |
| BRC | പഴയന്നൂർ |
| CRC | GLPS ചെറുതുരുത്തി |
| ബ്ലോക്ക് പഞ്ചായത്ത് | പഴയന്നൂർ |
| നിയമസഭാമണ്ഡലം | ചേലക്കര |
| ലോകസഭാ മണ്ഡലം | ആലത്തൂർ |
| താലൂക്ക് | തലപ്പിള്ളി |
| വില്ലേജ് | ചെറുതുരുത്തി |

## ആമുഖം

തൃശ്ശൂർ ജില്ലയുടെ വടക്കേ അറ്റത്ത് നിളാതീരത്ത് സ്ഥിതി ചെയ്യുന്ന ചെറുതുരുത്തി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അനവധി പേർക്കാണ് അറിവ് പകർന്നു നൽകുന്നത്. തൃശ്ശൂർ പാലക്കാട് ദേശീയപാതയിൽ ഷൊർണ്ണൂരിനടുത്താണ് സ്കൂൾ നിലകൊള്ളുന്നത്. വിശ്വപ്രസിദ്ധമായ കേരള കലാമണ്ഡലവും കേന്ദ്രസർക്കാരിന്റെ പ്രശസ്തമായ പഞ്ചകർമ്മ ചികിത്സാ കേന്ദ്രവും സ്കൂളിന് അടുത്താണ്. ചെറുതുരുത്തി കൊളമ്പിൽ പടിഞ്ഞാക്കര യൂസഫ് ഹാജി മുൻകൈയെടുത്താണ് വിദ്യാലയം ആരംഭിച്ചത്. 1940 ഓടുകൂടി സ്കൂൾ സർക്കാർ ഏറ്റെടുത്തു. സ്വാതന്ത്ര്യലബ്ധിയോടെ ഹൈസ്കൂൾ വിഭാഗങ്ങൾ പ്രവർത്തനം ആരംഭിച്ചു. കാർഷിക പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ഇവിടത്തെ ജനങ്ങളിൽ അധികവും. ഉയർന്ന കുടുംബത്തിലെ കുട്ടികൾക്ക് മാത്രമേ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ. പെൺകുട്ടികളും അവർണ്ണവിഭാഗത്തിൽപ്പെട്ടവരും പിൻ തള്ളപ്പെട്ടിരുന്നു.

1949 ൽ ആദ്യ എസ്എസ്എൽസി ബാച്ച് (സിക്സ്ത് ഫോറം ) പുറത്തിറങ്ങി . ശ്രീശക്തി മേനോൻ ആയിരുന്നു പ്രഥമ പ്രധാന അധ്യാപകൻ. ഹൈസ്കൂൾ ആരംഭത്തിൽ ആദ്യത്തെ ഹെഡ് മാസ്റ്റർ ശ്രീ ശുപ്പുക്കുട്ടി

മേനോനായിരുന്നു. സ്കൂളിലെ ഇന്ന് കാണുന്ന മിക്ക വൃക്ഷങ്ങളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വച്ചുപിടിപ്പിച്ചതാണ്. ദേശമംഗലം രാമകൃഷ്ണൻ, ഷൊർണ്ണൂർ കാർത്തികേയൻ തുടങ്ങിയ പ്രധാന വ്യക്തികൾ ഈ സ്കൂളിലെ വിദ്യാർഥികൾ ആയിരുന്നു. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി നമ്മുടെ വിദ്യാലയം സന്ദർശിച്ചിട്ടുള്ളതായി അറിവുണ്ട്. നിരവധി രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ശാസ്ത്ര സാങ്കേതിക വിദഗ്ദർക്ക് ജന്മം നൽകിയ ഈ പൊതുവിദ്യാലയം അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

| ക്ലാസ് | ആകെ കുട്ടികൾ |
|---|---|
| 5 | 228 |
| 6 | 246 |
| 7 | 242 |
| 8 | 389 |
| 9 | 456 |
| 10 | 425 |
| ആകെ | 1986 |

## അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ

ഹൈസ്കൂൾ വിഭാഗത്തിൽ 46 അധ്യാപകരും 25 യുപി അധ്യാപകരും കൂടാതെ പ്രവർത്തി പരിചയം, കായികം, സംഗീതം എന്ന വിഭാഗത്തിൽ ഓരോ അധ്യാപകരും ഉണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനത്തിനായി ഒരു അധ്യാപികയും കരാർ അടിസ്ഥാനത്തിൽ ഒരു കൗൺസിലറും ജോലി ചെയ്യുന്നു. ഓഫീസ് വിഭാഗത്തിൽ രണ്ട് ക്ലാർക്ക്, രണ്ട് ഓഫീസ് അസിസ്റ്റൻറ് 3 എഫ് ടി സി എം എന്നിവരാണ് ഉള്ളത്

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക.
* കുട്ടികളുടെ സർഗാത്മകവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കുക.
* സാമൂഹ്യബോധമുള്ള മികച്ച പൗരന്മാരായ കുട്ടികളെ സൃഷ്ടിക്കുക.

* തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

* പഠനം രസകരവും അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം

* സജീവ താൽപര്യത്തോടെ കുട്ടികൾ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്ന ഒരു വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

* ശുചിത്വം,സാമൂഹിക ബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

* മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു ഉറപ്പാക്കൽ.

* പാരിസ്ഥിതി അവബോധത്തോടെ ജീവിക്കാനം വരുംതലമുറയ്ക്ക് കൈമാറാനമുള്ള ഭൂമിയിലെ താൽക്കാലിക നിവാസികൾ മാത്രമാണ് മനുഷ്യർ എന്ന ബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനം സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനം കുട്ടിയെ പ്രാപ്തനാക്കൽ.

## നിലവിലെ അവസ്ഥവിശകലനം

## A.ഭൗതിക പരിമിതികൾ

ക്ലാസ് റൂമുകളുടെ അപര്യാപ്തത. പൈതൃക ബിൽഡിങ്ങിലെ ക്ലാസ് റൂമുകളിൽ ചോർച്ച അനഭവപ്പെടുന്നു.
എഫ്ബിസിഎമ്മിന്റെ കുറവുമൂലം ശൗചാലയങ്ങൾ സ്റ്റൂൾ കെട്ടിടങ്ങൾ എന്നിവ പൂർണമായ തോതിൽ വൃത്തിയാക്കാൻ സാധിക്കുന്നില്ല. എല്ലാ പരിപാടികളും നല്ല രീതിയിൽ നടക്കുന്നുണ്ടെങ്കിലും ഒരു വലിയ ഓഡിറ്റോറിയത്തിന്റെ അഭാവം മൂലം മുഴുവൻ കുട്ടികളുടെയും സാന്നിധ്യം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
ധാരാളം പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയം എന്ന നിലയിൽ സാനിറ്ററി പാഡുകൾ നശിപ്പിക്കുന്നതിന് വേണ്ടിയുള്ള ഇൻസിനേറ്റർ സ്കൂളിന് അത്യാവശ്യമാണ്. യുപി തലത്തിൽ പ്രവർത്തിപരിചയ അധ്യാപികയുടെ സേവനം ലഭ്യമാക്കാത്തതു കാരണം ശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ വേണ്ടവിധത്തിൽ കുട്ടികളെ തയ്യാറാക്കാൻ സാധിക്കുന്നില്ല. യുപി ക്ലാസ്സുകളിൽ പ്രൊജക്ടർ സംവിധാനത്തിന്റെ അഭാവം മൂലം ഐടി അധിഷ്ഠിത ക്ലാസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ സാധിക്കുന്നില്ല. ലാപ് ടോപ്പ് അപര്യാപ്തത മൂലം ഐടി ലാബ് വേണ്ട വിധത്തിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. ശരിയായ വിധത്തിൽ പ്രവർത്തിക്കുന്ന ഒരു സൗണ്ട് സിസ്റ്റം ഇല്ലാത്തതിനാൽ പൊതു പരിപാടികൾ തടസ്സമില്ലാതെ ഭംഗിയായി നടത്താൻ സാധിക്കുന്നില്ല.
ലാപ് ടോപ്പ്

## B.അക്കാദമിക നേട്ടങ്ങൾ

തുടർച്ചയായി 10 വർഷത്തിലേറെ 90% ത്തിൽ കൂടുതൽ വിജയവും 2022-23 ,2023-24, എന്നീ വർഷങ്ങളിൽ പത്താം ക്ലാസ് പരീക്ഷയിൽ 100% വിജയവും കരസ്ഥമാക്കാൻ സ്കൂളിന കഴിഞ്ഞു. വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന എൻസിസി ജെ ആർ സി,ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ സ്കൂളിലുണ്ട്. ശാസ്ത്ര കലാമേളകളിൽ സംസ്ഥാനതലം വരെ കുട്ടികളെ പങ്കെടുപ്പിക്കാനും മികച്ച വിജയം നേടാനും സ്കൂളിന് സാധിച്ചു. 2024-25 അധ്യയന വർഷത്തിൽ സംസ്ഥാനതല പ്രവർത്തി പരിചയ മേളയിൽ ആദർശ് കൃഷ്ണ എന്ന വിദ്യാർത്ഥി എ ഗ്രേഡ് കരസ്ഥമാക്കി. സംസ്ഥാന കലാമേളയിൽ അറബിക് ക്യാപ്ഷൻ റൈറ്റിങ്ങിൽ ആമിന എ ഗ്രേഡ് കരസ്ഥമാക്കിയതിലൂടെ സ്കൂളിന് അഭിമാനാർഹമായ നേട്ടം കൈവരിക്കാൻ ആയി. 2024-25 വർഷത്തിൽ 10 വിദ്യാർത്ഥികൾയുഎസ് എസ് എക്സാമിൽ വിജയം കൈവരിച്ചു.

## C.അക്കാദമിക പരിമിതികൾ

വർദ്ധിച്ച കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കുട്ടികൾക്ക് ഗ്രന്ഥശാല ,ലബോറട്ടറികൾ എന്നിവ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. വേണ്ടത്ര ക്ലാസ്സ് റൂമുകൾ വായനാ റൂമുകൾ തുടങ്ങിയവയുടെ പരിമിതികൾ തുടരുന്നു. പ്രവർത്തി പരിചയ സാമഗ്രികളുടെ അഭാവം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ വിഘാതം സൃഷ്ടിക്കുന്നു.

2025-26 വർഷം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിലും നടന്ന് കൊണ്ടിരിക്കുന്നു. വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ICT ബോധവൽക്കരണ ക്ലാസ്സുകൾ  പ്രദർശനങ്ങൾ എന്നിവ നടന്നുകൊണ്ടിരിക്കുന്നു.

## മറ്റു മേഖലകൾ

*ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം എന്ന പ്രവർത്തന പദ്ധതികൾ സ്കൂൾതലത്തിൽ നടപ്പിലാക്കി വരുന്നു.

*കുട്ടികളുടെ കായിക ക്ഷമതയും മാനസികാരോഗ്യവും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

*ടിങ്കറിങ് ലാബ്

വർദ്ധിച്ചുവരുന്ന ഐടി സാധ്യതകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി ടിങ്കറിംഗ് ലാബ് പ്രവർത്തിച്ചുവരുന്നു.

*ക്രിയേറ്റീവ് കോർണർ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി ക്രിയേറ്റീവ് കോർണർ സഹായിക്കുന്നു'

*CWSN

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള വിവിധങ്ങളായ സാധ്യതകൾ പഠന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു.

*ശ്രദ്ധ

വിവിധ കാരണങ്ങളാൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ നൽകുന്നതിനായി ശ്രദ്ധ ,ബ്രിഡ്ജ് കോഴ്സുകൾ തുടങ്ങിയവ കാര്യക്ഷമമായി നടപ്പിലാക്കുന്നു.

JRC

കുട്ടികളിൽ സേവന സന്നദ്ധത വളർത്തുന്നതിനായി സ്കൂൾതലത്തിൽ നടത്തുന്ന സംഘടനയാണ് ജെ ആർ സി .യു.പി തലത്തിലും ഹൈസ്കൂൾ തലത്തിലുമായി രണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നു .സ്കൂളിലെ വിവിധ സേവന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിൽ കുട്ടികൾ ക്രിയാത്മക പങ്കുവഹിക്കാറുണ്ട്.

Little Kite

സാങ്കേതികവിദ്യയിൽ വിദ്യാർത്ഥികളെ അഗ്രഗണ്യരാക്കുന്നതിനായി വിജ്ഞാനം വിരൽത്തുമ്പിൽ എന്ന ആശയവുമായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് '8 ,9 ,10 ക്ലാസുകളിൽ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു .എട്ടാം ക്ലാസിൽ 20 കുട്ടികളും ഒമ്പതാം ക്ലാസിൽ 42 കുട്ടികളും പത്താം ക്ലാസിൽ 29 കുട്ടികളും ആണ് നിലവിലുള്ളത് 'എട്ടാം ക്ലാസിലെ പ്രവേശന പരീക്ഷയ്ക്ക് ശേഷമാണ് കുട്ടികളെ സെലക്ട് ചെയ്യുന്നത്.

National Cadet Corps(NCC)

Troop number 115, Ghss Cheruthuruthy

Unit : 23 K Bn NCC, Thrissur

Group : Ernakulam

Directorate : Kerala & Lakshadeep, Thiruvananthapuram

നിലവിൽ 85 സീറ്റുകൾ ആണ് ഉള്ളത് അതിൽ 27 cadets second year cadets ഉം, 58 പേര് First year cadets ഉം ആണ്.ഇതിൽ Junier division (Jd) ആൺകുട്ടികളും, Junier wing(JW) പെൺകുട്ടികളും ഉൾപ്പെടുന്നു. Associate NCC Officer (ANO) ആണ് ചുമതല വഹിക്കുന്ന അദ്ധ്യാപകൻ. Enroller HM ആണ്. നിലവിൽ second year cadets ന മെയ് 16 മുതൽ മെയ് 21 വരെ S.C.A.M College Kutanellur ൽ വെച്ച് ക്യാമ്പ് നടക്കുകയുണ്ടായി. ഇതിൽ 21 കേഡറ്റുകളും ചുമതല നിർവഹിക്കുന്ന അദ്ധ്യാപകനും പങ്കെടുക്കുകയുണ്ടായി. അവിടെ ഏകദേശം 500 ൽ അധികം കേഡറ്റുകളും വിവിധ സ്കൂൾ, കോളേജ് കളിൽ നിന്നുമുള്ള അധ്യാപകരും പങ്കെടുത്ത (CATC) ക്യാമ്പിൽ അടിസ്ഥാന സൈനിക പരിശീലനം, ലഹരി വിരുദ്ധ ബോധവത്കരണം തുടങ്ങി വിവിധ ക്ലാസ്സുകൾ, സാംസ്കാരിക പരിപാടികൾ എന്നിവ നടക്കുകയുണ്ടായി . 2025 ജൂൺ 18 ന പുതിയ കേഡറ്റുകളെ കായികക്ഷമത പരീക്ഷ യിലൂടെ തെരഞ്ഞെടുക്കുകയുണ്ടായി. ജൂൺ 5 ന പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ചെടിനടൽ, പരിസരം വൃത്തിയാക്കൽ എന്നിവ നടത്തുകയുണ്ടായി.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | വിശാലമായ വായനാ മുറി | പിടിഎ ശാക്തീകരണം |
| ഗണിതശേഷി വികസനം | ആവശ്യാനുസരണം ലാപ്പ്ടോപ്പുകൾ | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് ഹിന്ദി മലയാളം പഠന പരിപോഷണം | മൾട്ടിമീഡിയ റൂം | ഒ എസ് എ യുടെ പ്രവർത്തനം |
| വായനാ പരിപോഷണം | മാലിന്യ സംസ്കരണം | എസ്എസ്എൽസി ജാഗ്രത സമിതി കാര്യക്ഷമമാക്കൽ |
| ലൈബ്രറിശാക്തീകരണം | മനോഹരമായ ഉദ്യാനം | ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള പരിപാടികൾ |
| പ്രതിഭ പോഷണ പരിപാടി | ഗണിതശാസ്ത്ര ഐടി മേളകൾ | ഭവന സന്ദർശനം |
| ശലഭോദ്യാനം | ക്ലാസ് ലൈബ്രറി | |
| പഠനയാത്രകൾ | ഭിന്നശേഷി വിദ്യാർഥികളുടെ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ | വിദ്യാലയത്തിന്റെ പുരോഗതിയിൽ സമൂഹത്തെ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവർത്തനങ്ങൾ |
| കലാ കായിക ശാസ്ത്രമേളകൾ | | |
| ഐടിപരിശീലനം | | |
| ശില്പശാലകൾ | | |
| അധ്യാപക ശാക്തീകരണ | | |

| | | |
|---|---|---|
| പരിപാടികൾ<br><br>കാര്യക്ഷമമായ ദിനാചരണങ്ങൾ<br><br>മത്സരപരീക്ഷ പരിശീലനം | | |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

ഓരോ വിദ്യാർത്ഥിയും അവരുടെ അഭിരുചികൾക്കനുസരിച്ച് വളർന്നുവരുവാനും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനും സാധിക്കുന്ന ഒരു വിദ്യാലയ അന്തരീക്ഷം ഒരുക്കി കൊടുക്കുക. കുട്ടികൾക്കിടയിൽ സ്നേഹവും സഹവർത്തിത്വവും വളരുക. കൗമാരക്കാരായ വിദ്യാർഥികൾക്ക് അവരുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുക. മത്സരാധിഷ്ഠിതമായി പഠന പ്രവർത്തനങ്ങളിലും കലാകായിക പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ സാധിക്കുക

## മോണിറ്ററിംഗ്

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ മുൻഗണന ക്രമത്തിൽ നടപ്പിലാക്കും. മാസത്തിൽ രണ്ടു പ്രാവശ്യം എസ്ആർ.ജി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും. എല്ലാ പിടിഎ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തും. ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കുട്ടികളുമായി പങ്കുവയ്ക്കുകയും അതനുസരിച്ച് നടപ്പാക്കുകയും ചെയ്യും.

## ഉപസംഹാരം

വിദ്യാർത്ഥിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം നൽകി അവരെ മികവിന്റെ പാതയിലേക്ക് എത്തിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് ഈ വിദ്യാലയ വികസനരേഖ. ഓരോ ക്ലാസിലും ഓരോ കുട്ടിയും ആർജിക്കേണ്ടതായ ശേഷികളും ധാരണകളും നൈപുണികളും നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഇതിലൂടെ സാധിക്കുമെന്ന് ഞങ്ങൾ കരുതുന്നു. പൊതുസമൂഹത്തിന്റെ പിന്തുണയോടെയും പങ്കാളിത്തത്തോടെയും ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയുമെന്നും അതിനായി ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ചെറുതുരുത്തി ഗവൺമെന്റ് ഹൈസ്കൂൾ തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്ക് വേണ്ടി തയ്യാറാക്കിയതാണ്. ഇത് മേൽ നടപടിക്കായി സമർപ്പിക്കുന്നു.

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ. | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ- ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ UP, HS 2025-26 [SANSKRIT]

മേഖല- അക്കാദമികം GHSS CHERUTHURUTHY

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ, | സാമ്പത്തികം | ക്ലാസ്സിതരപ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| * എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു.<br><br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യാപിക | അനുഗ്രഹീകരണ തലം<br><br>സഹപാഠികളുടെ പിന്തുണ<br><br>പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ<br>ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് തല പ്രവർത്തനം | രചന ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ. | പ്രശ്നോത്തരി മാഗസിൻ,കഥ, കവിത ഉപന്യാസം എന്നിവകളുടെ പരിശീലനം, സൃഷ്ടി. | | | | |
| സംസ്കൃത ദിനാചരണം സ്കൂൾതല മത്സരങ്ങൾ | ഔപചാരിക ക്ലബ്ബ് രൂപീകരണം സംസ്കൃത സന്ദേശം,ഒരു പ്രമുഖ വ്യക്തിയുടെ | | | | |

| | | | | | |
|---|---|---|---|---|---|
| നടത്തി സബ്ജില്ലാ ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ.<br>സ്വാതന്ത്ര്യദിനം | ക്ലാസ്, സംസ്കൃതം പ്രാർത്ഥന.വന്ദേമാതരാലാപനം. | | | | |
| ഭാഷാപഠനം കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു.<br>ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ,സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു. | | ചിത്രങ്ങൾ, വീഡിയോ. | | സബ്ജില്ലാ ജില്ല മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപകകൂട്ടായ്മ സമ്മാനദാനം നൽകുന്നു. |
| സംഭാഷണ ശിബിരം | പരീക്ഷാസംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന്. എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കും. | | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥലസന്ദർശനം. | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | രാമായണ പ്രശ്നോത്തരി,സംസ്കൃത പ്രശ്നോത്തരി, യുഎസ്എസ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.<br>പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ, എസ്എസ്എൽസി പരീക്ഷ പരിശീലനം | | | | |

## മേഖല: ഭാഷ

### ഉപമേഖല: അറബിക് - യു. പി,എച്ച്.എസ്- വിഭാഗം

മുഖ്യ ലക്ഷ്യങ്ങൾ

1.അറബി ഭാഷയുടെയും സാഹിത്യപഠനത്തിന്റെയും പൂർണ്ണയിലേക്ക് എത്തിക്കുക,

2 വായന, എഴുത്ത്, ആസ്വാദനം, പാഠ്യപദ്ധതി ലക്ഷ്യമാക്കുന്ന അറബിക് ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും കൈവരിക്കുക

3. അറബി ഭാഷ പഠനത്തിന്റെ അടിത്തറ ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ മറികടക്കുവാൻ സഹായിക്കുക

4 അറബി ഭാഷയുടെ ശരിയായ ഉച്ചാരണവും സംസാരിക്കാനുള്ള കഴിവും കുട്ടികളിൽ വളർത്തുക.

5.അറബിഭാഷയുടെ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതി പരിശീലിപ്പിക്കാനുള്ള ശേഷി വികസിപ്പിക്കുക.

ഉപലക്ഷ്യങ്ങൾ :

മനുഷ്യ ജീവിതത്തിൽ ആവശ്യം ആർജിക്കേണ്ട സദാചാരങ്ങൾ, ജീവിത ശൈലികൾ, മഹാൻമാരുടെ ഉയർന്ന ചിന്തകൾ, ലക്ഷ്യബോധം, ജീവിത നേട്ടങ്ങൾ സഹജീവി സ്നേഹം, രാഷ്ട്ര ബോധം, പ്രകൃതി സ്നേഹം എന്നിവ ഉൾകൊള്ളുക.

അറബി ഭാഷയുടെ പൗരാണികതയും ആധുനിക പ്രാധാന്യവും ഗവേഷണ സാധ്യതകളും ഉൾകൊള്ളുക.

ശുദ്ധമായ ഭാഷ പ്രയോഗിക്കാനുള്ള അവസരങ്ങൾ മന: പൂർവ്വം സൃഷ്ടിക്കുക

ആർജ്ജിച്ച കഴിവിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ സർഗവസനകൾ നൈസർഗികമായി അറബി ഭാഷയിൽ പ്രകടിപ്പിക്കാൻ ശേഷി നേടുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (അറബി ) | അക്ഷരം ഉറപ്പിക്കൽ, വാക്കുകൾ എഴുതിയ കാർഡ്, ചിത്രം കൊടുത്ത് അടിക്കുറിപ്പ് എഴുതൽ, കഥ പറയൽ, എഴുതൽ, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കൽ വാക്യങ്ങൾ നിർമ്മിക്കൽ ചിത്രം- അടിക്കുറിപ്പ്ചിത്രം- കഥ പറയൽ<br>ചിത്രം- കഥ എഴുതൽ ചിത്രം- കഥ ബാക്കി എഴുതൽ | 3 മാസം | പുസ്തകങ്ങൾ ചാർട്ട് | അധ്യാപകർ |

| | | | | |
|---|---|---|---|---|
| കുട്ടിയെ മികച്ച വായന കാരനാക്കുക | വായനയിൽ താൽപര്യം ഉണ്ടാക്കൽ, ലൈബ്രറി, വായനോത്സവം സംഘടിപ്പിക്കൽ, അറബി ക്ലബ്ബ്. ദിനാചരണം, പുസ്തക ചർച്ച | 6 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി രചനാ പുസ്തകം | അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്ത് കാരനാക്കുക | എഴുത്തു കൂട്ട രൂപീകരണം, ചുമർ പത്രിക, സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ, സർഗ്ഗവേള അവതരിപ്പിക്കൽ, വ്യക്തിഗത രചന, | 2 മാസം | ലൈബ്രറി പുസ്തകങ്ങ ൾ ചിത്രങ്ങൾ | അധ്യാപകർ |

# അറബിക്

## വിഷയാധിഷ്ഠിത തനതു പ്രവർത്തനങ്ങൾ 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|---|
| 1 അറബി ഭാഷാ പഠന പിന്നാക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിക്കൽ.<br>2 വിദ്യാർത്ഥികളിൽ അറബിക് കലോത്സവ ഇനങ്ങളിൽ താൽപ്പര്യം ജനിപ്പിക്കുന്ന നാടകക്കളരി, അഭിനയ പരിശീലനം, പദ്യ പരായണ പരിശീലനം എന്നിവ നൽകൽ | അക്ഷരം പഠിപ്പിക്കൽ വാക്കുകൾ, വാക്യ രചന വാക്യപൂരണം, ചിത്രകഥ വായന, ഗദ്യ വായന, എഴുത്ത് പരിശീലനം. കലോത്സവ ഇനങ്ങളിൽ പരിശീലനം,സർഗ്ഗവേള അവതരിപ്പിക്കൽ, വ്യക്തിഗത രചന, | ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ<br><br>നവംബർ, ഡിസംബർ, ജനുവരി | അധ്യാപകർ |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# DOMAIN - HIGHSCHOOL - ENGLISH

| OBJECTIVES | ACTIVITIES | TIMELINE | DUTY ASSIGNED | FUND ALLOCATION |
|---|---|---|---|---|
| 1) To enable students to communicate freely in English | Spoken English Class,<br>Utilisation of English library.<br><br>English corner story time.<br>Exhibition of English Cartoons.<br>English Assembly | Academic year | Teachers | Teachers |
| 2) To encourage performance based activities in English. | Cinema and Documentary - Exhibit scenes from English cinema to prepare profile and script.<br><br>Conduct Role play, English Day Celebration, Seminar etc.<br><br>Prepare choreography of English poems and perform it. | Class room Activity<br><br>Academic Year<br><br>Academic Year | Teachers, SRG<br><br>English Teachers<br><br>Teachers, SRG | English Club<br><br>English Club<br><br>English Club |
| 3) Enable learners for creative writing and reading | School English Voice<br><br>Making Letter cards, word cards, sentence construction cards<br><br>Picture Reading<br>Story Making<br>Public Speaking<br>Simple Games<br>Reading English News Papers, Enhancing English Vocabulary, Preparing News, "My Diary", Reading News in the assembly, News Reading competitions | Class Room Activity<br><br>Class Room Activity, Assembly | Teachers, SRG<br><br>Teachers | English Club<br><br>English Club |
| 4) Dramatisation | English Assebly, Skit, Puppet Show | Class room Activity | Teachers, SRG | Teachers |

| OBJECTIVES | ACTIVITIES | TIMELINE | DUTY ASSIGNED | FUND ALLOCATION |
|---|---|---|---|---|
| 5) To enable learners for poetry Recitation and poetry writing | Provide opportunities for listening to English Audios. | Class room Activity | Teachers, SRG | English Club |
| | Conduct competitions for poetry writing and poetry recitation. | Academic Year | Teachers, SRG | English Club |
| | Ask learners to prepare "Poem Appreciation", Book Reviews, Publishing Magazines. | Twice in an Academic year | English Teachers | Teachers |
| 6) To make use of technology for English Language Development | Engish Fest, Provide opportunities for watching English Films. | Once in Academic Year | English Club | English Club |
| 7) Conduct Discussion | To provide opportunities for spending time and conduct discussions with Native speakers | Academic Year | Teachers, SRG | English Club |
| 8) To familiarise the learners with new disourses like "Travel Journal", "Biosketch" etc. | Teacher gives Assignments for writing Journal,Biosketch etc. | Classroom Activity | Teachers | Teachers |
| 9) To enable the students to speak fluently in English with proper Intonation, stress and accent | Teacher provides novel opportunities for the students - For instance participation in " English Odyssey".Learners are given diverse duties like anchoring,Book Review,comparing Books etc in this platform which inturn helps to evolve them. | Academic year | Teachers | Teachers |

മേഖല: ഭാഷ
ഉപമേഖല: ഹിന്ദി (യു പി, എച്ച് എസ് വിഭാഗം)

<u>മുഖ്യ ലക്ഷ്യങ്ങൾ:-</u>

- ഹിന്ദി ഭാഷാ പഠനം ലളിതവും,രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കൽ.
- കുട്ടികൾ അവർ പഠിക്കുന്ന ക്ലാസ് അനുസരിച്ചും നിലവാരമനുസരിച്ചും ഭാഷാശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തൽ.

<u>ഉപലക്ഷ്യങ്ങൾ:-</u>

- പാഠ്യപദ്ധതി ലക്ഷ്യമാക്കുന്ന വായന,എഴുത്ത്,ആസ്വാദനം എന്നീ ഭാഷാപഠന നേട്ടങ്ങൾ ഓരോ കുട്ടിയും നേടി എന്ന് ഉറപ്പു വരുത്തുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പ് വരുത്തുക.
- ആശയങ്ങൾ തെറ്റു കൂടാതെ പ്രകടപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം.

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ (ഹിന്ദി) പിന്നോക്കാവസ്ഥ പരിഹരിക്കുക. | അക്ഷരം ഉറപ്പിക്കുക,വാക്കുകൾ എഴുതിയ കാർഡുകൾ, ചിത്രം കൊടുത്ത് അടിക്കുറുപ്പ് തയ്യാറാക്കൽ,കഥ പറയൽ,കഥാ കവിതാ രചന....... | ഹ്രസ്വം | പുസ്തകങ്ങൾ ചാർട്ട് കാർഡ്....... | ഹിന്ദി അധ്യാപകർ |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക്ഷീറ്റുകൾ നൽകുന്നു. ചിത്രപുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. | ജൂൺ - ജൂലൈ | പുസ്തകങ്ങൾ | ഹിന്ദി അധ്യാപകർ |
| സാഹിത്യാഭിരുചി വളർത്തുക,ഹിന്ദി വാരാഘോഷ | പദ്യം ചൊല്ലൽ, കഥ | ഓഗസ്റ്റ് സെപ്റ്റം ബർ | ചാർട്ട് | ഹിന്ദി |

| | | | | |
|---|---|---|---|---|
| സമയത്ത് ഹിന്ദി മത്സരങ്ങൾ നടത്തുന്നു. കുട്ടിയുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | കവിത,പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഒക്ടോബർ | രചനാ പുസ്തകം | അധ്യാപകർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു. തിരക്കഥ,സ്വഭാവ സവിശേഷത, ഡയറി,കത്ത്...... തയ്യാറാക്കുവാനറിയുന്നു. | കുട്ടികളെ കൊണ്ട് ചെറിയ ചെറിയ വിഷയങ്ങളിൽ എഴുതുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br><br>പാഠഭാഗത്തിലെ സന്ദർഭങ്ങൾ | 4 മാസം | ലൈബ്രറി പുസ്തകം ഐ സി ടി | ഹിന്ദി അധ്യാപകർ |

# दिनाचरण - हिंदी

| क्रमसंख्या | महीना | कार्यक्रम | गतिविधियाँ |
|---|---|---|---|
| 1 | जून 19 | वाचन दिवस | वाचन प्रतियोगिता(यु पी,एच एस)<br>लिखावट (यु पी)<br>पोस्टर प्रदर्शन (यु पी) |
| 2 | जूलाई 31 | प्रेमचंद दिवस | पोस्टर प्रदर्शन (यु पी ,एच एस)<br>प्रेमचंद का महत् वचन<br>फिल्मी प्रदर्शन(प्रेमचंद के कहानी का) |
| 3 | अगस्त 15 | स्वतंत्रता दिवस | देशप्रेम से युक्त गीतों की प्रस्तुति |
| 4 | सितंबर 14 -28 तक | हिंदी दिवस, हिंदी पखवाडा समारोह | हिंदी असंब्ली<br>पुस्तक प्रदर्शन,कई तरह की प्रतियोगिताएँ |
| 5 | अक्तूबर 2 | गाँधी जयंती | गाँधी सूक्त की प्रस्तुति,भाषण |

हिंदी विभाग
जी एच एस एस चेरुतुरुत्ती

# ഹിന്ദി

## വിഷയാധിഷ്ഠിത തനതു പ്രവർത്തനം 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|---|
| ഭാഷാപഠന പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ. | വാക്യ രചന, വായന,എഴുത്തു പരിശീലനം | 3 മാസം | അധ്യാപകർ |
| സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | സർഗാത്മക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കൽ. വ്യക്തിഗത രചന, ഹിന്ദി അസംബ്ലി | 6 മാസം | അധ്യാപകർ |

മേഖല - ഹൈസ്കൂൾ-ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| 1) ഓരോ കുട്ടിയുടെയും കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ |
| | പാഠവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ |
| | ക്ലാസ്സുകളിൽ ലഘു പ്രോജക്ട് കൊടുത്ത് തെരഞ്ഞെടുത്ത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ |
| 2) ശാസ്ത്ര ലോകം തേടി. നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് തെരഞ്ഞെടുത്ത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 മാസം | സയൻസ് അദ്ധ്യാപകൻ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്രീയ ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 മാസം | സയൻസ് അദ്ധ്യാപകൻ | സയൻസ് ക്ലബ്ബ് |
| 3) ഹൈടെക് ലേർണിംഗ്: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി , ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ |
| | സയൻസ് ലാബ് , ഐ ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ |
| 4) വൈജ്ഞാനിക സംസ്കരണം: അന്വേഷണ ത്വര വർദ്ധിപ്പിക്കൽ, അറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |

# ACDEMIC MASTER PLAN

മേഖല : ശാസ്ത്രം

ഉപമേഖല : ജീവശാസ്ത്രം

## മുഖ്യലക്ഷ്യങ്ങൾ

- ശാസ്ത്രതൽപരത ,ശാസ്ത്രസാങ്കേതിക വിദ്യകളിൽ അവബോധം എന്നിവ ഉണ്ടാക്കുക.
- ജീവികളുടെ ഘടന, ജീവിതചക്രം, ധർമം, എന്നിങ്ങനെ വിവിധ തലങ്ങളിലെ ജീവൽ പ്രക്രിയയുടെ അവബോധം കുട്ടികളിൽ ഉണ്ടാക്കുക.
- പരിസ്ഥിതിയും ജീവശാസ്ത്രവും തമ്മിലുള്ള ബന്ധം കുട്ടികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക
- ശാസ്ത്ര നൈപുണി ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കാൻ കഴിയും വിധം സജ്ജമാക്കുക

## ഉപലക്ഷ്യങ്ങൾ

- ജീവശാസ്ത്ര പഠനം ലളിതവും രസകരവും ആകർഷകവും ആക്കാനുള്ള പ്രവർത്തനം നടപ്പിലാക്കുക
- പാഠ്യപദ്ധതി ലക്ഷ്യമാക്കുന്ന ശാസ്ത്രബോധം ശാസ്ത്ര നൈപുണി എന്ന പഠനനേട്ടങ്ങൾ ഓരോ കുട്ടിയും നേടി എന്ന് ഉറപ്പാക്കുക.

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | ചുമതല |
|---|---|---|---|---|
| ശാസ്ത്രതൽപരത കുട്ടികളിൽ വളർത്തിയെടുക്കുക ,ശാസ്ത്ര സാങ്കേതിക വിദ്യകളിൽ അവബോധം ഉണ്ടാക്കുക. | പരീക്ഷണം, മോഡൽ നിർമാണം, എക്സിബിഷൻ ദിനാചരണങ്ങൾ | 9 months | Experimental utensils charts മറ്റ് അവശ്യ വസ്തുക്കൾ | ജീവശാസ്ത്ര അധ്യാപകർ |
| എല്ലാ കുട്ടികളും പരിസ്ഥിതിയും ജീവശാസ്ത്രവും തമ്മിലുള്ള ബന്ധം കൈവരിക്കുക. | Field trip | 9 months | Book<br>Pen<br>Pencil | ജീവശാസ്ത്ര അധ്യാപകർ |

# ദിനാചരണങ്ങൾ

| DAY | OBSERVATION | ACTIVITIES |
|---|---|---|
| ജൂൺ 5 | പരിസ്ഥിതിദിനം | പരിസര പഠനം അവതരണം ക്രോഡീകരണം |
| ജൂൺ 26 | ലോക ലഹരി വിരുദ്ധ ദിനം<br>ലോക പോളിയോ വാക്സിനേഷൻ ദിനം | Drama<br>വാക്സിനേഷൻ ആവശ്യകത പോസ്റ്റർ |
| ജൂലൈ 28 | ലോക പ്രകൃതി സംരക്ഷണ ദിനം<br>(World nature conservation day) | ഫീൽഡ് ട്രിപ്പ്, സെമിനാർ , ചെടി നടൽ<br>പ്രകൃതി നിരീക്ഷണം |
| ആഗസ്റ്റ് 13 | ലോക അവയവദാന ദിനം | അവയവദാനത്തിന്റെ പ്രാധാന്യത്തെ പറ്റി ബോധവൽക്കരിക്കുന്ന പ്രദർശനം<br>(models of organs,explanation by selected students) |
| സെപ്റ്റംബർ 21 | ലോക അൽഷിമേഴ്സ് ദിനം | പോസ്റ്റർ ,സെമിനാർ |
| ഒക്ടോബർ 13 | ലോക കാഴ്ച ദിനം | സെമിനാർ |
| ഒക്ടോബർ 16 | ലോക ഭക്ഷ്യദിനം | സെമിനാർ ഭക്ഷ്യസുരക്ഷയെ പറ്റി |
| നവംബർ 7 | അർബുദ ബോധവൽകരണ ദിനം | ചിത്രപ്രദർശനം,പ്രസന്റേഷൻ , |
| നവംബർ 14 | ദേശീയ പ്രമേഹ ദിനം | ക്ലാസിലെ ബോധവൽകരണം , സർവ്വേ |
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം | സെമിനാർ |
| ജനുവരി 11 | ലോക ചിരി ദിനം | പ്രസംഗം : ചിരിയുടെ പ്രാധാന്യം |
| ഫെബ്രുവരി 2 | ലോക തണ്ണീർത്തടദിനം | സ്ലൈഡ് ഷോ |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ - മേഖല - ഗണിതം - ഹൈസ്കൂൾ - യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ആശയ ധാരണകൈവരിക്കൽ, അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | പ്രീടെസ്റ്റ് നടത്തുന്നു, കുട്ടികളുടെ പഠന പരിമിതി മനസ്സിലാക്കി അവർക്ക് വേണ്ട പഠന പിന്തുണ നൽകുന്നു.(H.S) ഗണിത ശില്പശാല മൾട്ടിമാത് സീസൺ 2 (UP) | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2.നിർമ്മിതികളിലെ ശേഷി കൈവരിക്കൽ,ഗണിതം രസകരമാക്കലും ജ്യാമിതിയ രൂപങ്ങളുടെ പരിചയവും | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത,ഗണിത ക്ലബിന്റെ സഹായത്തോടുകൂടി ഗണിത മേളയുമായി ബന്ധപ്പെട്ട workshop,Pascal day,Pie day(H.S), ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണ മത്സരം ജോമട്രിക് പാറ്റേൺ മത്സരം.(U.P) | തുടർ പ്രവർത്തനം, ജൂൺ,ജൂലൈ | മാത്സ് ക്ലബ് അംഗങ്ങൾ, അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3.ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു, ക്ലാസ്തലത്തിൽ വിവിധ പ്രവർത്തനങ്ങൾ,(H.S), മൾട്ടി വിറ്റാമിൻ(U.P) | ടേമിൽ ഒന്ന് ജൂലൈ | അധ്യാപകർ, പി.ടി.എ | പി.ടി.എ |

| അക്കാദമിക് മാസ്റ്റർ പ്ലാൻ - മേഖല - ഗണിതം - ഹൈസ്കൂൾ - യു.പി. | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1.ആശയ ധാരണകൈവരിക്കൽ, അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | പ്രീടെസ്റ്റ് നടത്തുന്നു, കുട്ടികളുടെ പഠന പരിമിതി മനസ്സിലാക്കി അവർക്ക് വേണ്ട പഠന പിന്തുണ നൽകുന്നു.(H.S) ഗണിത ശില്പശാല മർട്ടിമാത് സീസൺ 2 (UP) | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2.നിർമ്മിതികളിലെ ശേഷി കൈവരിക്കൽ,ഗണിതം രസകരമാക്കലും ജ്യാമിതിയ രൂപങ്ങളുടെ പരിചയവും | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത,ഗണിത ക്ലബിന്റെ സഹായത്തോടുകൂടി ഗണിത മേളയുമായി ബന്ധപ്പെട്ട workshop,Pascal day,Pie day(H.S), ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണ മത്സരം ജോമട്രിക് പാറ്റേൺ മത്സരം.(U.P) | തുടർ പ്രവർത്തനം, ജൂൺ,ജൂലൈ | മാത്സ് ക്ലബ് അംഗങ്ങൾ, അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3.ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു, ക്ലാസ്തലത്തിൽ വിവിധ പ്രവർത്തനങ്ങൾ,(H.S), മർട്ടി വിറ്റാമിൻ(U.P) | ടേമിൽ ഒന്ന് ജൂലൈ | അധ്യാപകർ, പി.ടി.എ | പി.ടി.എ |

| | | | | |
|---|---|---|---|---|
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു, ഗണിത ക്ലബ്ബിൻറെ സഹായത്തോടുകൂടി ജോമട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട് ,അദർ ചാർട്ട് ,മോഡൽസ് ഇവ എല്ലാം കുട്ടികൾ നിർമ്മിച്ച അവ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നു(സ്കൂൾതല ഗണിത മേള), ഗണിത പൂക്കള മത്സരം, ദേശിയ പതാക നിർമാണം, ഐടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികൾക്ക് ഗണിതം സുഗമമാക്കി കൊടുക്കുന്നു(H.S and U.P) | അക്കാദമിക വർഷത്തിൽ ഒന്ന് ഓഗസ്റ്റ് | അധ്യാപകർ, ഗണിത ക്ലബ്ബ് | |
| 5.സംഘബോധം ഉണ്ടാക്കൽ, ഗുണനം എളുപ്പമാക്കുന്നതിനുള്ള പ്രവർത്തനം | സംഘപഠനം, മൾട്ടി വിറ്റാമിൻ സീസൺ2 (U.P) | തുടർ പ്രവർത്തനം സെപ്തംബർ | അധ്യാപകർ സംഘതലവൻ | |
| 6.അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനംസാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠസൂത്രണം എന്നിവ കൂട്ടായ്മ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു(H.S). Multiplication Bee (U.P) | അക്കാദമിക വർഷം തുടർ പ്രവർത്തനം | ചുമതലവിഷയ സമിതി കൺവീനർ, അധ്യാപകർ | |
| 7.ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതവുമായി ബന്ധപ്പെട്ട വർഷോപ്പ്, ഗണിത മാഗസിൻ, ജിയോജിബ്രാ പരിശീലനം. സമഗ്ര RESOURCE | അക്കാദമിക വർഷം തുടർ പ്രവർത്തനം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 8.ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ, ഗണിത ക്വിസ് മത്സരം | ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9.ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | ജൂൺ,ജൂലൈ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ,പി.ടി.എ | പി.ടി.എ |
| 10.രക്ഷിതാക്കളെബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്നു | എല്ലാ മാസവും | അധ്യാപകർ എച്ച് എം ,പി.ടി.എ പ്രസിഡൻറ് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**മേഖല : അക്കാദമികം**

**ഉപ മേഖല : പ്രവർത്തി പരിചയം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൌതികം | ചുമതല | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | **കൃഷി**<br>സ്കൂളിലെ എല്ലാ കുട്ടികളേയും പഠനാനുഭവങ്ങളുടെ ഭാഗമാക്കൽ | വിവിധതരം പുഷ്പ, പച്ചക്കറി കൃഷി രീതികൾ പരിചയപ്പെടുത്തൽ വിവിധ തരം പുഷ്പ അലങ്കാര രീതി, ബൊക്കെ നിർമ്മാണം | June<br>July<br>August | നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ | W/E<br>Teacher | HM<br>PTA<br>സ്കൂൾ വികസന സമിതി |
| 2 | പ്ലംബിംഗ് ഡ്രിപ്പ് ഇറിഗേഷൻ സംവിധാനത്തിലൂടെ കൃഷി ഇടങ്ങളിൽ ജലം എത്തിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം നേടുക | ഡ്രിപ്പ് ഇറിഗേഷൻ ചെയ്യുന്ന രീതി സ്കൂളിൽ നടപ്പിലാക്കുന്നു | August<br>September | നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ | W/E<br>Teacher | HM<br>Expert<br>W/E<br>PTA |
| 3 | **പ്രിൻറിംഗ്**<br>പ്രിൻറിംഗിനെ കുറിച്ചും അതിനാവശ്യമായ സാധന സാമഗ്രികളെ കുറിച്ചും പ്രായോഗിക പരിശീലനം നേടുക | വിവിധതരം പ്രിൻറിംഗുകളിൽ പരിശീലനം നൽകുന്നു | October<br>November | നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ | W/E<br>Teacher | HM<br>PTA<br>MPTA<br>W/E Teacer |

| | | | | | | |
|---|---|---|---|---|---|---|
| 4 | സ്കൂൾ ക്രാഫ്റ്റ് മേള | കുട്ടികൾ നിർമ്മിച്ച ചോക്ക്, കുട, LED ബൾബുകൾ, ബാഗ്, നോട്ട് ബുക്ക്, ഇന്നൽ എംബ്രോയ്ഡറി ഐറ്റം, കൊത്തു പണികൾ, അലങ്കാര ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം പരിചയപ്പെടുത്തൽ | November | ആവശ്യമായ സാധനങ്ങൾ | W/E Teacher | PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>HM, SRG |
| 5 | ഉപജില്ല, സംസ്ഥാന പ്രവർത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കൽ | തിരഞ്ഞെടുക്കപ്പെട്ടനവർക്ക് പ്രവർത്തി പരിചയ പരിശീലനം | November<br>December | ആവശ്യമായ സാധനങ്ങൾ | W/E Teacher | PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>HM, SRG |
| 6 | Fashion in Passion<br>നൂതന വസ്ത്ര നിർമ്മാണ രീതിയെകുറിച്ചും അതിന്റെ നിർമ്മാണ രീതിയെ കുറിച്ചും മനസ്സിലാക്കുക | വിവിധ തരം വസ്ത്ര നിർമ്മാണ രീതി പരിചയപ്പെടുത്തുന്നതിനു പരിശീലനം നൽകുന്നു | January<br>February | ആവശ്യമായ സാധനങ്ങൾ | W/E Teacher | W/E Teacher<br>HM |
| 7 | Activity Book Part I<br>കുട്ടികൾ തന്നെത്തന്നെ തിരിച്ചറിയുവാനും സാമൂഹത്തിൽ നല്ല പൌരനായി വളരുവാനുമുള്ള അറിവ് നൽകുന്നു. | കുട്ടികൾ സ്വയം അറിയുവാനും തന്നെയും തൻറെ ചുറ്റുമുള്ളവരോടും കരുണയോടു കൂടി പെരുമാറുവാനും കരുതലോടെ ചേർത്തു നിർത്തുവാനും നാളെ നല്ലൊരു പൌരനായി വളർന്നു വരുന്നതിനുള്ള അറിവും | June to September | | W/E Teacher | W/E Teacher |



മേഖല: ഇൻഫർമേഷൻ ടെക്നോളജി

ഉപമേഖല: ഇൻഫർമേഷൻ ടെക്നോളജി (യു പി , എച്ച് എസ് വിഭാഗം )

മുഖ്യ ലക്ഷ്യങ്ങൾ :-

- വിവരസാങ്കേതികവിദ്യ ആശയങ്ങളിലും പ്രായോഗിക കഴിവുകളിലും ശക്തമായ അടിത്തറ കെട്ടിപ്പടുക്കുക.
- പ്രശ്നപരിഹാര, കമ്പ്യൂട്ടേഷണൽ ചിന്താശേഷി വികസിപ്പിക്കുക.
- സാങ്കേതികവിദ്യയുടെ ഉത്തരവാദിത്തപരവും, ധാർമ്മികവും, സുരക്ഷിതവുമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്
- ഐടി മേഖലയിലെ ഉന്നത പഠനത്തിനും കരിയറിനും വിദ്യാർത്ഥികളെ സജ്ജമാക്കുക.

| ലക്ഷ്യങ്ങൾ | ഉപ ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യ പരിചയപ്പെടുത്തുക. | കമ്പ്യൂട്ടർ ഭാഗങ്ങൾ പരിചയപ്പെടുക. അടിസ്ഥാന പ്രവർത്തനങ്ങൾ പരിചയപ്പെടുക. ടൈപ്പിംഗിനെക്കുറിച്ചുള്ള പഠനം. ഇന്റർനെറ്റ് സുരക്ഷ. | ഹാർഡ്‌വെയർ തിരിച്ചറിയൽ. ടൈപ്പിംഗ് പരിശീലനം (നോട്ട്പാഡ്/വേഡ്) . സുരക്ഷിതമായ ഇന്റർനെറ്റ് വീഡിയോകൾ. ലളിതമായ ലിബ്രെ ഓഫീസ് പെയിന്റ് | 6 മാസങ്ങൾ. | ഐ ടി ടീച്ചർ. |

| | | | | |
|---|---|---|---|---|
| | | ഡ്രോയിംഗ്. | | |
| ഡിജിറ്റൽ സാക്ഷരത. | ലിബറെ ഓഫീസ് ബേസിക്സ് പ്രസന്റേഷനുകൾ ഇന്റർനെറ്റ് ഉപയോഗ അവബോധം. | ഡോക്യുമെന്റുകൾ സൃഷ്ടിക്കുക. ലളിതമായ പവർപോയിന്റ് അവതരണങ്ങൾ. സുരക്ഷിത ബ്രൗസിംഗ് പ്രവർത്തനം. | വർഷം മുഴുവൻ | ഐ ടി ടീച്ചർ |
| പ്രോഗ്രാമിംഗും ഫയൽ മാനേജ്മെന്റും സംബന്ധിച്ച ആമുഖം. | അൽഗോരിതങ്ങളും ഫ്ലോചാർട്ടുകളും. ബ്ലോക്ക് അധിഷ്ഠിത കോഡിംഗ്. ഫയൽ ഓർഗനൈസേഷൻ. | സ്ക്രാച്ച് പ്രോഗ്രാമിംഗ് ജോലികൾ. ഫയൽ/ ഫോൾഡർ മാനേജ്മെന്റ് പ്രവർത്തനം. | വർഷം മുഴുവൻ | ഐ ടി ടീച്ചർ |
| കമ്പ്യൂട്ടേഷണൽ ചിന്തകളും ടൂളുകളും. | സ്പ്രെഡ്ഷീറ്റ് അടിസ്ഥാനകാര്യങ്ങൾ. HTML ആമുഖം. യുക്തിയുക്തമായ പ്രശ്നപരിഹാരം. | എക്സൽ പരിശീലനങ്ങൾ (ഡാറ്റ എൻട്രി, ലളിതമായ ഫോർമുലകൾ). അടിസ്ഥാന വെബ്പേജ് സൃഷ്ടിക്കുക (HTML). പ്രശ്നപരിഹാര വർക്ക്ഷീറ്റുകൾ. | വർഷം മുഴുവൻ | ഐ ടി ടീച്ചർ |

| | | | | |
|---|---|---|---|---|
| കമ്പ്യൂട്ടർ സയൻസ് ഫൗണ്ടേഷൻ. | പൈത്തൺ അടിസ്ഥാനകാര്യങ്ങൾ. ഡാറ്റ തരങ്ങൾ, വേരിയബിളുകൾ വെബ് ഡിസൈൻ. | പൈത്തൺ മിനി പ്രോഗ്രാമുകൾ. വെബ്പേജ് സൃഷ്ടിക്കുക (HTML & CSS). ഹാർഡ്‌വെയർ ഡെമോ. | വർഷം മുഴുവൻ | ഐ ടി ടീച്ചർ |
| Advanced IT & Real-World Application. | പൈത്തൺ പ്രോജക്ടുകൾ. ഡാറ്റാബേസുകളെ പരിചയപ്പെടുക. സൈബർ സുരക്ഷയുടെ അടിസ്ഥാനകാര്യങ്ങൾ. കരിയർ. | ചെറിയ സോഫ്റ്റ്‌വെയർ പ്രോജക്ടുകൾ വികസിപ്പിക്കുക. ഡാറ്റാബേസ് കൈകാര്യം ചെയ്യൽ (അടിസ്ഥാനം). സൈബർ സുരക്ഷാ വർക്ക്ഷോപ്പ്. ഐടി കരിയറുകളെക്കുറിച്ചുള്ള അതിഥി പ്രഭാഷണം. | വർഷം മുഴുവൻ | ഐ ടി ടീച്ചർ |

**അധിക പ്രവർത്തനങ്ങൾ**

- ഐടി ക്വിസ് മത്സരം 6 – 10 വരെ ഉള്ള ക്ലാസ്സുകൾക്ക് വർഷത്തിൽ ഒരിക്കൽ .
- കോഡിംഗ് മത്സരം 7 - 10 ഉള്ള ക്ലാസ്സുകൾക്ക്‌വർഷത്തിൽ ഒരിക്കൽ .
- ഐടി പ്രദർശനം 8 - 10 ഉള്ള ക്ലാസ്സുകൾക്ക് വർഷത്തിൽ ഒരിക്കൽ .
- സൈബർ സുരക്ഷാ വാരം 5 - 10 ഉള്ള ക്ലാസ്സുകൾക്ക് വർഷത്തിൽ ഒരിക്കൽ .
- അതിഥി പ്രസംഗം (ഐടി പ്രൊഫഷണൽ) 9 - 10 ഉള്ള ക്ലാസ്സുകൾക്ക് വർഷത്തിൽ ഒരിക്കൽ .

# Inclusive education

| Objective | Activity | Stake holders | Duration | Finance |
|---|---|---|---|---|
| Academic development | Create flexible and Universal Design for Learning (UDL);<br>Design Adaptive TLM | Subject Teacher & Special educator | June to October | SSK,LSG |
| Build staff capacity for inclusion | Organize regular training, workshops on inclusive teaching and disability awareness | Special educator,Nodal teacher,SRG convenior | 20 Mintues in each SRG meeting | Staff development budget, training fund |
| Strengthen student support systems | Set up inclusion cell<br>offer counseling;<br>provide peer mentoring | Student services(BUDDIES) counselors, Therapist | 1Year | LSG,PTA,OSA,SSK |
| Promote Community | conduct awareness programmes | Special educator &Trainers, PTA,SMC,MPTA | 30 minutes in each PEC | LSG |

മേഖല : ഉച്ചഭക്ഷണം

ഉപമേഖല : പോഷക സംപുഷ്ഠമായ ഉച്ചഭക്ഷണം.

<u>മുഖ്യ ലക്ഷ്യങ്ങൾ :</u>

- എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം സമൃദ്ധമായി വിതരണം ചെയ്യാനുള്ള അവസരം.
- ഉച്ചഭക്ഷണം പദ്ധതിയുടെ പ്രവർത്തനം സുഗമവും ലളിതവും ലാഭകരവും ആക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- ഓരോ കുട്ടിയും പൂർണ്ണ ആരോഗ്യവാനാണെന്ന് സ്വയം ചിന്തിച്ചുറപ്പിക്കുക.
- എല്ലാ കുട്ടികളും പോഷക സംപുഷ്ഠമായ ആഹാരം കഴിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
- ഭക്ഷണം ജീവന്റെ നിലനിൽപ്പാണെന്നും പാഴാക്കാനുള്ളതല്ല എന്നുമുള്ള അവബോധം ജനിപ്പിക്കുക.

<u>പ്രവർത്തനങ്ങൾ :</u>

- എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം , പാൽ , മുട്ട എന്നിവ എത്തിക്കുന്നു.
- വൃത്തിയുള്ള അന്തരീക്ഷത്തിൽ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള ഭക്ഷണശാല തയ്യാറാക്കുക.
- ഭക്ഷണാവശ്യത്തിനുള്ള പച്ചക്കറികൾ തികച്ചും ജൈവ നിർമ്മിതമെന്ന് ഉറപ്പുവരുത്തുക.
- മുട്ട , പാൽ എന്നിവ പ്രാദേശിക കർഷകരിൽ നിന്നും സംഭരിക്കുക.
- ഭക്ഷണത്തിനാവശ്യമുള്ള വെള്ളം ശുചിത്വം ഉള്ളതാണെന്ന് ഉറപ്പുവരുത്തുക.
- പാത്രങ്ങൾ തികച്ചും തൻ പരിശോധന നടത്തി നിർമ്മിച്ചതായിരിക്കണം.
- അടുക്കളയും പരിസരവും വൃത്തിയുള്ളതും അണുവിമുക്തവും ആക്കുക.
- ഭക്ഷണ പദാർത്ഥങ്ങൾ സൂക്ഷിക്കുന്ന സ്റ്റോർ , എലി , പാറ്റ മറ്റു ജീവികളിൽ നിന്നും മുക്തമാണെന്ന് ഉറപ്പു വരുത്തണം.
- ആഴ്ചയിലൊരിക്കൽ പൂർണ്ണമായ ശുചിത്വം ഉറപ്പുവരുത്തുക.
- മലിനജലം പൂർണ്ണമായും പുറത്തുപോകുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25

## ആരോഗ്യ കായിക വിദ്യാഭ്യാസം, ജി എച്ച് എസ് എസ് ചെറുതുരുത്തി

മേഖല:- ആരോഗ്യ കായിക വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ:- കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക, അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ

ഉപ മേഖല :- 1. കായിക മേഖല

2. ആരോഗ്യ മേഖല

| | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| 1 | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയസ്വന ക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ലഘു വ്യായാമങ്ങൾ സുംബ എറോബിക്സ് എന്നീ പരിശീലനം | ജൂൺ മുതൽ മാർച്ച് | കായികാധ്യാപകൻ | - | കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം |
| 2 | കൊക്കൊ ഫുട്ബോൾ പരിശീലനം | ജൂലൈ മുതൽ മാർച്ച് | കായികാധ്യാപകൻ | 15000/- | സ്കൂൾ ടീം രൂപീകരിച്ച സബ്ജില്ല ജില്ലാ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക |
| 3 | സ്കൂൾതല വാർഷിക സ്പോർട്സ് | ഓഗസ്റ്റ് / സെപ്റ്റംബർ | സ്കൂൾതല സമിതി | 5000/- | മികച്ച കുട്ടികളെ കണ്ടെത്തി ഉയർന്ന തലങ്ങളിൽ മത്സരിപ്പിക്കുക |
| 4 | വോളിബോൾ ക്രിക്കറ്റ് പരിശീലനം | ഓഗസ്റ്റ് മുതൽ നവംബർ | കായികാധ്യാപകൻ | 10000/- | സ്കൂൾ ടീം രൂപീകരിച്ച് സബ്ജില്ലാ ജില്ലാ മത്സരങ്ങളിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | കുട്ടികളെ പങ്കെടുപ്പിക്കുക |
| 5 | യോഗ മൈനർ ഗെയിംസ് പരിശീലനം | ജൂലൈ മുതൽ മാർച്ച് | കായികാധ്യാപകൻ | 3000/- | കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും ഉണർവിനും ഉന്മേഷത്തിനും ബുദ്ധിവികാസം എന്നിവയ്ക്ക് വേണ്ടി നടത്തുന്ന പ്രവർത്തനം. |

SANTHI C P & MIDHUN P S

PHYSICAL EDUCATION TEACHER (HS & UP)